**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - ട്രേഡ്ഇൻസ്ട്രക്ടർ - പ്ലംബിങ് വിഭാഗം - സ്ഥലം മാറ്റം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/44636/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 25.11.2023

---

വായന:- 1. 25/02/2017 തീയ്യതിയിലെ സ.ഉ. (അച്ചടി) 3/2017/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്

2. ആർ ഐ ടി പ്രിൻസിപ്പാളിന്റെ 25.10.2023ലെ E3/7381/23/RIT നമ്പർ കത്ത്

3. മുഖ്യ മന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ വഴി ലഭിച്ച No.GG2231100491നമ്പർ പരാതി

**<u>ഉത്തരവ്</u>**

കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നോളജിയിലെ പ്ലംബിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ.സജികുമാർ എസ്.ആർ 06.10.2023 ൽ കോട്ടയം ആർ.ഐ ടി യിൽ നിന്നും ഡ്യൂട്ടി കഴിഞ്ഞ് സ്വദേശത്തേക്ക് വരുന്ന വഴിയിൽ വാഹനാപകടം ഉണ്ടാകുകയും ഗുരുതരമായ അവസ്ഥയിൽ തിരുവനന്തപുരം കോസ്മോപൊളിറ്റൻ ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും ചെയ്തു. ടിയാൻ ഹൃദയ സംബന്ധമായ അസുഖത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടർ ചികിൽസയിലുമാണ്. നിലവിൽ കോട്ടയം ആർ.ഐ.ടി യിലേക്ക് യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടാണ് എന്നും അതിനാൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അതോടൊപ്പം ശ്രീ.സജികുമാറിന്റെ ഭാര്യയായ ശ്രീമതി.ബിന്ദു എസ്. സരസ്സ്, ആര്യനാട് CMO പോർട്ടൽ മുഖേനയും അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്.

മേൽ അപേക്ഷകൾ സൂചന (1) പ്രകാരം വിശദമായി പരിശോധിച്ചു, ശ്രീ സജികുമാർ എസ്.ആർ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പ്രകാരം ടിയാൻ അനുകമ്പാർഹമായ സ്ഥലം മാറ്റത്തിന് അർഹനാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം CET യിൽ തുറന്ന ഒഴിവ് ഇല്ലാത്തതിനാൽ പ്ലംബിങ് വിഭാഗത്തിൽ ജോലി ചെയ്യുന്ന 9 ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സേവന ചരിത്രം വിശദമായി പരിശോധിച്ചതിൽ നിന്നും ശ്രീ.ജോയ്.ജെ എന്ന TI 02/08/2013 മുതൽ ഒരേ സ്ഥാപനത്തിൽ (CET യിൽ) ജോലിചെയ്തു വരുന്നു. തുടർച്ചയായി 10 വർഷം ടി സ്ഥാപനത്തിൽ സേവനം പൂർത്തിയാക്കിയതിനാലും, മറ്റ് മുൻഗണനകൾ ഒന്നും തന്നെ ഇല്ലാത്തത് കൊണ്ടും, ടിയാനെ സ്ഥലം മാറ്റാവുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Draft #1 of File EB2/44636/23/DTE Approved by Director (in-charge) on 25-Nov-2023 05:32 PM - Page 1

| നം | ജീവനക്കാരന്റെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.സജികുമാർ എസ് ആർ<br>രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നോളജി, കോട്ടയം<br>PEN:171722 | CET തിരുവനന്തപുരം | അനുകമ്പാർഹം |
| 2 | ശ്രീ.ജോയ്.ജെ<br>CETതിരുവനന്തപുരം<br>PEN: 108270 | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നോളജി, കോട്ടയം | ശ്രീ.സജികുമാർ എസ്.ആർ സ്ഥലം മാറുന്ന ഒഴിവ്.(നിർബന്ധിത സ്ഥലം മാറ്റ മുൻഗണന പട്ടികയിൽ ടിയാനെ ഉൾപ്പെടുത്തുന്നു. 2024 ലെ പൊതു സ്ഥലം മാറ്റത്തിൽ ടിയാൻ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ചട്ട പ്രകാരം പരിഗണിക്കുന്നതായിരിക്കും) |

- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്ഥലംമാറ്റം ലഭിച്ചവരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം യഥാസമയം ഈ ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
- സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ടപ്രകാരം അനുവദനീയമായ യാത്രപ്പടിക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കും.

ഒപ്പ്/-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആഫീസ് മേധാവി മുഖാന്തിരം)
2. ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക്
(വെബ്സൈറ്റ് മുഖാന്തിരം)
3. ഇജി സെക്ഷൻ, ഡി.റ്റി.ഇ.
4. കരുതൽ ഫയൽ/ആഫീസ് പകർപ്പ്

Draft #1 of File EB2/44636/23/DTE Approved by Director (in-charge) on 25-Nov-2023 05:32 PM - Page 2

**Approval Valid**

Digitally Approved By

ഡോ. രാജശ്രീ എം.എസ്

Date: 25.11.2023

Reason: Approved

Draft #1 of File EB2/44636/23/DTE Approved by Director (in-charge) on 25-Nov-2023 05:32 PM - Page 3

The document is digitally approved. Hence signature is not needed.